ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചുവരുന്നു.

കൊല്ലം ജില്ലയിലെ കള്ളുഷാപ്പുകൾ

(315) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ എത്ര കള്ള് ഷാപ്പുകൾ ഉണ്ടെന്ന വിവരം റെയിഞ്ച് തിരിച്ച് സ്ഥലപ്പേര് സഹിതം പ്രത്യേകം പ്രത്യേകമായി വെളിപ്പെടുത്തുമോ;

(ബി) ജില്ലയിൽ അനധികൃതമായി കള്ള് ഷാപ്പുകൾ പ്രവർത്തിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എവിടെയൊക്കെ അനധികൃത ഷാപ്പുകൾ പ്രവർത്തിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) ജില്ലയിൽ ദൂരപരിധി ലംഘിച്ച് കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ എവിടെയൊക്കെയാണ് ദൂരപരിധി ലംഘിച്ച് ഷാപ്പുകൾ പ്രവർത്തിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ദൂരപരിധി ലംഘിച്ചും അനധികൃതമായും നടത്തുന്ന കള്ള്ഷാപ്പുകൾ പൂട്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(എഫ്) വിവരം ശേഖരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി. ക്കുള്ള ധനസഹായം

(336) ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. പി.എസ്. സുപാൽ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. ജോസ് ബേബി :
ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.ക്ക് എവിടെ നിന്നെല്ലാം എന്തു തുക വീതം ധനസഹായം ലഭിക്കുന്നുണ്ട്;

(ബി) ഈയിനത്തിൽ ഈ സർക്കാർ അധികാരത്തിൽവന്നശേഷം ലഭിച്ച സഹായധനം എത്ര? ഈ തുക ഉപയോഗിച്ച് എത്ര ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ക്ക് സംസ്ഥാന സർക്കാരിൽനിന്നുമാത്രമാണ് ധനസഹായം ലഭിക്കുന്നത്. മൂലധന നിക്ഷേപമിനത്തിൽ കെ.എസ്. ആർ.ടി.സി.യുടെ വികസനത്തിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ധനസഹായം നൽകേണ്ടതുണ്ട്. എന്നാൽ ഈയിനത്തിൽ സംസ്ഥാന സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

മാത്രമാണ് കെ.എസ്.ആർ.ടി.സി.ക്ക് ധനസഹായം നൽകിവരുന്നത്. 1991 നുശേഷം കേന്ദ്ര സർക്കാരിൽനിന്നും ഈയിനത്തിൽ യാതൊരുവിധ ധനസഹായവും ലഭിച്ചിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 97-98 ൽ 6 കോടി, 1999-2000 ൽ 8 കോടി ഇങ്ങനെ 14 കോടി രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്. 2000-2001 ലെ ബഡ്ജറ്റിൽ 10 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഈ കാലയളവിൽ കോർപ്പറേഷൻ നിരത്തിലിറക്കിയ മൊത്തം ബസ്സുകളുടെ എണ്ണം താഴെ ചേർക്കുന്നു.

1996-97	164
1997-98	171
1998-99	150
1999-2000	173

പുതിയ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകൾ

(337) ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര ബസ് സ്റ്റേഷൻ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പുതുതായി എവിടെയെല്ലാമാണ് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്;

(സി) വെഞ്ഞാറമൂട്ടിൽ നിന്ന് ബസ് സ്റ്റേഷൻ ആരംഭിക്കാൻ കെ. എസ്.ആർ.ടി. കോർപ്പറേഷൻ പ്രാരംഭ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വെഞ്ഞാറമൂട് ബസ്സ് സ്റ്റേഷൻ എന്നാണ് തറക്കല്ലിട്ടത്; പണിയാരംഭത്തിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 9 ബസ്സ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ആര്യനാട്, പിതുര, പോത്തൻകോട്, ആയൂർ, കുമിളി എന്നീ സ്ഥലങ്ങളിൽ ബസ്സ് സ്റ്റേഷൻ തുടങ്ങാൻ ബോർഡ് അനുമതി നൽകിയിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി. യുടെ നയം അനുസരിച്ച് പുതിയ ബസ്സ് സ്റ്റേഷനുകൾക്കുവേണ്ടി വരുന്ന മൂലധന നിക്ഷേപവും നിർമ്മാണപ്രവർത്തനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തേണ്ടതാണ്. വെഞ്ഞാറമൂട്ടിൽ ബസ്സ് സ്റ്റേഷൻ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ച് പഞ്ചായത്തു തലത്തിൽ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുകയാണ്.

(ഡി) 9.5.1990-ൽ മേൽപ്പറഞ്ഞതുപോലെ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പണി ആരംഭിച്ചുകഴിഞ്ഞതു.

LIBRARY ARCHIVES Kerala Legislative Assembly